ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17.09.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ അതിവേഗം വികസിക്കുന്ന സെമികണ്ടക്ടർ ആവാസവ്യവസ്ഥ നൂതനാശയങ്ങൾക്കും നിക്ഷേപത്തിനും വഴിയൊരുക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സെമികോൺ ഇന്ത്യ- 2026 പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

   **Prime Minister Narendra Modi stated that India's rapidly expanding semiconductor ecosystem is paving the way for innovation and investment. He inaugurated 'Semicon India 2026' in New Delhi.**

2. 'സ്വച്ഛത ഹി സേവ' ക്യാമ്പയിൻ 2026-ന് തുടക്കമായി. കേന്ദ്ര ജൽശക്തി മന്ത്രി സി.ആർ. പാട്ടീൽ ക്യാമ്പയിന് തുടക്കം കുറിച്ചു.

   **The 'Swachhata Hi Seva' campaign for 2026 has been launched. Union Jal Shakti Minister C.R. Patil inaugurated the campaign.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ ഇന്നു മുതൽ.

   **A month-long 'Seva Sankalp Abhiyan' begins nationwide today to mark Prime Minister Narendra Modi completing 25 years in administrative leadership.**

4. ഇന്ന് വിശ്വകർമ്മ ജയന്തി. പരമ്പരാഗത കരകൗശല വിദഗ്ധർക്കും തൊഴിലാളികൾക്കും സമഗ്രമായ പിന്തുണ നൽകുന്നതിനുള്ള പിഎം വിശ്വകർമ പദ്ധതി മൂന്ന് വർഷം പൂർത്തിയാക്കുന്നു.

Today is Vishwakarma Jayanti. The PM Vishwakarma scheme, aimed at providing comprehensive support to traditional artisans and workers, completes three years.

5. ഭീകരർക്ക് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്ന പാകിസ്ഥാന്റെ നടപടിയെ യു.എൻ സുരക്ഷാ കൗൺസിലിൽ ശക്തമായി അപലപിച്ച് ഇന്ത്യ.

In UN Security Council, India has strongly criticised Pakistan for providing a permissive environment for terrorists.

6. ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ന്യൂഡൽഹിയിൽ.

The final match of the India-Afghanistan T20 cricket series takes place in New Delhi today.

&&&&&&&&&&&&&&&&&&&

**DAY PM-SEMICON INDIA (INTRO)**

ഇന്ത്യയുടെ സെമികണ്ടക്ടർ ആവാസവ്യവസ്ഥ അതിവേഗം വികസിക്കുന്നതായും, ഇത് നൂതനാശയങ്ങൾക്കും നിക്ഷേപത്തിനും വളർച്ചയ്ക്കും പുതിയ അവസരങ്ങൾ തുറന്നുനൽകുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ആഗോള സെമി കണ്ടക്ടർ മേളയായ സെമികോൺ ഇന്ത്യ- 2026 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വളരുന്നതിനൊപ്പം ഇന്ത്യയുടെ ആഗോള വിശ്വാസവും വർധിച്ചുവരികയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധതയോടെയാണ് രാജ്യത്തെ ഓരോ പൗരനും പ്രവർത്തിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

മൂന്ന് ദിവസം നീളുന്ന സെമികോൺ ഇന്ത്യ മേളയിൽ 600-ലധികം പ്രദർശകരും 300-ഓളം അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പങ്കെടുക്കുന്നുണ്ട്.

**Silicon to systems : Building the ecosystem** എന്നതാണ് സെമികോൺ ഇന്ത്യയുടെ ഇത്തവണത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&

**SWACHHATA HI SEVA**

'സ്വച്ഛത ഹി സേവ' ക്യാമ്പയിൻ 2026-ന് തുടക്കമായി. കേന്ദ്ര ജൽശക്തി മന്ത്രി സി.ആർ. പാട്ടീൽ ക്യാമ്പയിന് തുടക്കം കുറിച്ചു. **ശുചിത്വത്തിനായി ജനപങ്കാളിത്തം; സ്വച്ഛ് ഭാരതം; വികസിത ഭാരതം** എന്നതാണ് ഈ വർഷത്തെ പ്രമേയം. 'സ്വച്ഛത ഹി സേവ' ക്യാമ്പയിൻ അഞ്ച് പ്രധാന ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് കേന്ദ്രമന്ത്രി പാട്ടീൽ പറഞ്ഞു. ശുചിത്വ ലക്ഷ്യ യൂണിറ്റുകളുടെയും പൊതുസ്ഥലങ്ങളുടെയും പരിവർത്തനം, 'സ്വച്ഛ് പാഠശാല: ശുചിത്വത്തിനായി യുവജനങ്ങൾ, ശുചിത്വ തൊഴിലാളികളുടെ സുരക്ഷയും ആദരവും, ശുചിത്വത്തിനായി ജനപങ്കാളിത്തം, ശുചിത്വത്തിലൂടെ സമൃദ്ധി എന്നിവയാണ് അഞ്ച് ഘടകങ്ങൾ.

&&&&&&&&&&&&&&&&&&&

**SEWA SANKALP**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാന് ഇന്നു മുതൽ തുടക്കം. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുന്നതാണ് സേവാ സങ്കൽപ്പ് അഭിയാൻ. ഇതിൻറെ ഭാഗമായി ഗുജറാത്തിലെ വഡ്നഗറിൽ നിന്ന് വാരാണസിയിലേക്കുള്ള ബൈക്ക് റാലി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. വാരാണസിയിൽ നിന്ന് വഡ്നഗറിലേക്ക് 'സേവാ യാത്ര' ആരംഭിക്കുന്ന 500 യുവ ബൈക്ക് യാത്രികരെ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ആദരിച്ചു. കേരളത്തിലും വിപുലമായ പരിപാടികൾ നടക്കും.

&&&&&&&&&&&&&&&&&&&

**WISHES BIRTHDAY PM**

പ്രധാന മന്ത്രി നരേന്ദ്രമോദിയുടെ 76-ാം ജൻമദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ അടക്കമുള്ള പ്രമുഖർ

ആശംസകൾ നേർന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, തമിഴ് നാട് മുഖ്യമന്ത്രി ജോസഫ് വിജയ് ഉൾപ്പെടെയുള്ളവർ ആശംസകൾ അറിയിച്ചു. പ്രധാനമന്ത്രിയുടെ ജന്മദിനത്തോടനുബന്ധിച്ച് ബി.ജെ.പി. ഇന്ന് രാജ്യവ്യാപകമായി സേവാ ദിവസ് ആചരിക്കും.

&&&&&&&&&&&&&&&&&&&

**VICE-PRESIDENT - TELANGANA VISIT.**

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ തെലങ്കാനയിലെത്തി. തെലങ്കാന ഗവർണർ ശിവ് പ്രതാപ് ശുക്ല ഉൾപ്പെടെയുള്ളവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. സെക്കന്തരാബാദിൽ നടക്കുന്ന ഹൈദരാബാദ് വിമോചന ദിനാഘോഷത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

**INDIA CONDEMNS PAK**

ഭീകരർക്ക് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്ന പാകിസ്ഥാന്റെ നടപടിയെ ശക്തമായി അപലപിച്ച് ഇന്ത്യ. അമേരിക്കയിലെ സെപ്റ്റംബർ 11 ഭീകരാക്രമണത്തിന് ഉത്തരവാദികളായ അൽ-ഖ്വയിദയും പാകിസ്ഥാനിൽ പ്രവർത്തിച്ചിരുന്ന ഭീകര താവളങ്ങളും തമ്മിൽ നേരിട്ട് ബന്ധമുണ്ടെന്നും ഇന്ത്യ പരാമർശിച്ചു. അഫ്ഗാനിസ്ഥാനിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിൽ യോഗത്തിൽ സംസാരിക്കവെ, യു എന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷാണ് ഇക്കാര്യം ഉന്നയിച്ചത്. ഭീകരർക്കെതിരെ മാത്രമല്ല, അവരെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നവർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

**HEALTH MINISTRY-ADVISORY**

സ്റ്റെം സെൽ ചികിത്സയുടെ നിയന്ത്രണം സംബന്ധിച്ച് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി. നിലവിൽ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ട രോഗാവസ്ഥകൾക്ക് മാത്രമേ സാധാരണ ക്ലിനിക്കൽ ചികിത്സയുടെ ഭാഗമായി സ്റ്റെം സെൽ

ചികിത്സ അനുവദിക്കൂവെന്ന് മന്ത്രാലയം ആവർത്തിച്ചു. ഓട്ടിസം ചികിത്സയ്ക്കായി ഏതുതരം സ്റ്റെം സെൽ ഉപയോഗിക്കുന്നതും അംഗീകൃത ക്ലിനിക്കൽ പരീക്ഷണങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തണമെന്നും നിർദേശത്തിൽ പറയുന്നു.

**&&&&&&&&&&&&&&&&&&&&**

**RAJNATHSING -KOCHI**

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും. ജന്മഭൂമിയുടെ ത്രിദിന ദേശീയ കോൺക്ലേവ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ നാളെ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. മൂന്നു ദിവസങ്ങളിലെ 11 സെഷനുകളിലായി വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരും വിദഗദ്ധരും ഗവേഷകരും ചർച്ചകൾ നയിക്കും.

**&&&&&&&&&&&&&&&&&&&&**

**PM - VISWAKARMA (INTRO)**

ഇന്ന് വിശ്വകർമ്മ ജയന്തി. പരമ്പരാഗത കരകൗശല വിദഗ്ധർക്കും തൊഴിലാളികൾക്കും സമഗ്രമായ പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പിഎം വിശ്വകർമ പദ്ധതി ഇന്ന് മൂന്ന് വർഷം പൂർത്തിയാക്കുന്നു. 30 ലക്ഷത്തിലധികം ഗുണഭോക്താക്കളാണ് പി.എം വിശ്വകർമ പദ്ധതിയിൽ ഇതിനകം രജിസ്റ്റർ ചെയ്തത്.

**വിശദാംശങ്ങളിലേക്ക്..... (വോയ്സ്)**

**PM - VISWAKARMA (VOICE)**

13,000 കോടി രൂപ ചെലവിൽ 2027-28 കാലയളവ് വരെ നടപ്പാക്കുന്ന പദ്ധതിയിലൂടെ 18 പരമ്പരാഗത മേഖലകൾക്കാണ് സഹായം നൽകി വരുന്നത്.സ്റ്റൈപൻറോട് കൂടിയ നൈപുണ്യ വികസനം, മൂന്ന് ലക്ഷം രൂപ വരെ വായ്പാ സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിന് 15,000 രൂപ വരെ സാമ്പത്തിക സഹായം എന്നിവ പദ്ധതിയിലൂടെ നൽകിവരുന്നു. നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയം വഴി ഇതുവരെ ഏകദേശം 24.5 ലക്ഷം വിശ്വകർമ്മജർക്ക് അടിസ്ഥാന നൈപുണ്യ പരിശീലനം ലഭിച്ചിട്ടുണ്ട്. വായ്പാ പദ്ധതിക്ക് കീഴിൽ, ആറ് ലക്ഷത്തിലധികം

ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയും നൽകിയിട്ടുണ്ട്. വിശ്വർകർമ ജയന്തിയോടനുബന്ധിച്ച് വിശ്വകർമ സർവീസ് സൊസൈറ്റി സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കേരളത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.
ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&

**AKASHVANI-SWACHHATA PLEDGE**

ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷൻ ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയിൻ ന്യൂഡൽഹിയിലെ ആകാശവാണി ആസ്ഥാനത്ത് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അഡീഷണൽ ഡയറക്ടർ ജനറൽ (ന്യൂസ്) എസ്. സുബ്രഹ്മണ്യനും ചടങ്ങിൽ പങ്കെടുത്തു. രാജ്യവ്യാപകമായി ഇന്ന് മുതൽ അടുത്ത മാസം രണ്ടുവരെ ആചരിക്കുന്ന സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായാണ് പ്രതിജ്ഞ എടുത്തത്.

&&&&&&&&&&&&&&&&&&&

**CRICKET - IND VS AFG**

ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളിലും വിജയം നേടി ഇന്ത്യ ഇതിനകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**J AND K-TERRORISTS KILLED**

ജമ്മു കാശ്മീരിലെ ഉധംപൂർ ജില്ലയിൽ സുരക്ഷാ സേന നടത്തിയ തിരച്ചിലിൽ രണ്ട് ഭീകരരെ വധിച്ചു. രഹസ്യവിവരത്തെ തുടർന്ന് ജമ്മു കാശ്മീർ പൊലീസും സി.ആർ.പി.എഫും സംയുക്തമായി തിരച്ചിൽ നടത്തുകയായിരുന്നു.

&&&&&&&&&&&&&&&&&&&

**BIRTHS - DEATHS ACT**

രാജ്യത്ത് ജനന-മരണ രജിസ്ട്രേഷൻ ഭേദഗതി നിയമം അടുത്ത മാസം ഒന്നിന് പ്രാബല്യത്തിൽ വരും. വൈകിയുള്ള ജനന-മരണ

രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കർശനമാക്കുന്ന വ്യവസ്ഥകളാണ് പ്രാബല്യത്തിൽ വരുന്നതെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ മൃത്യുഞ്ജയ് കുമാർ നാരായൺ അറിയിച്ചു. പാർലമെൻറിൻറെ ഇരുസഭകളും പാസാക്കിയ ജനന-മരണ രജിസ്ട്രേഷൻ ഭേദഗതി ബില്ലിന് കഴിഞ്ഞ മാസമാണ് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചത്. ജനന-മരണ രജിസ്ട്രേഷനിലെ കാലതാമസം ഒഴിവാക്കുകയും കൃത്യസമയത്ത് രജിസ്ട്രേഷൻ നടത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് നിയമത്തിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&

**MEA FACT CHECK BRICS**

ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്തതിന് പിന്നാലെ നിരവധി ലോകനേതാക്കൾക്ക് അസുഖം ബാധിച്ചുവെന്ന തരത്തിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന പോസ്റ്റ് വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇത് വസ്തുതാവിരുദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയത്തിന്റെ ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**ANTO AUGSTIN-ARREST**

വയനാട്ടിലെ വീട്ടിൽ അനധികൃത അളവിൽ മദ്യം ശേഖരിച്ച കേസിൽ റിപ്പോർട്ടർ ചാനൽ മേധാവി ആൻറോ അഗസ്റ്റിൻ അറസ്റ്റിലായി. ചാനൽ ഓഫീസിൽ നിന്ന് എക്സൈസ് സംഘമാണ് അദ്ദേഹത്തെ ഇന്ന് അതിരാവിലെ അറസ്റ്റ് ചെയ്തത്. മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ ഇന്നലെ അതിരാവിലെ മുതൽ പ്രത്യേക അന്വേഷണസംഘം റിപ്പോർട്ടർ ചാനൽ ഓഫീസിലും ആന്റോയുടെ ഫ്ലാറ്റിലും വയനാട്ടിലെ വീട്ടിലും ഉൾപ്പെടെ പരിശോധന നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&